ROAD BEGINNING FROM HUZUR JETTY TO THEVARA—CONSTRUCTION OF

191. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാന പ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ.—

(എ) എറണാകുളം ഹുജൂർജെട്ടി മുതൽ തേവര പാലംവരെ പുതുതായി ടുറക്കുന്ന റോഡിനെപ്പററി ഓരോ താല്പര്യക്കാർ ഓരോവിധ വാദങ്ങളുമായി ഗവൺമെണ്ടിനെ സമീപിച്ചിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തെപ്പററി അവസാനമായി തീരുമാനിക്കപ്പെട്ട കഴിഞ്ഞുവോ;

(സി) അതോ, നിവേദനങ്ങൾ ആലോചനയിലിരിക്കുന്നുവോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) എറണാകുളം ഫോർഷോർ റിക്ലമേഷനുവേണ്ടി, ഭൂമി അകപയർ ചെയ്യുന്നതിനെപ്പററി ചില ഹർജികൾ കിട്ടിയിട്ടുണ്ട്.

(ബി) ഉവ്വ്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഏതെല്ലാം തരത്തിലുള്ള വാദങ്ങളാണ് ആ ഹർജ്ജികളിൽ ഉള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: അധികവും അവരുടെ സ്ഥലം എടുക്കരുത് എന്നുള്ളതിനെക്കുറിച്ചാണ്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എഴുപതടി റോഡുപോലെ ഇതും വളഞ്ഞ റോഡായിരിക്കുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: പക്ഷെ ചരിവു ഉണ്ടായേക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തീണ്ടൽ സംരക്ഷണത്തിനുള്ള വളവായിരിക്കുമോ അത്?

റാവുസാഹിബ് കെ. അയ്യപ്പൻ: തീണ്ടൽ സംരക്ഷണത്തിനുള്ള വളവ് എന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തീണ്ടലിന്റെ പേരിൽ ചില സ്ഥലങ്ങളിൽ റോഡു വളച്ചുകൊണ്ടുപോകുന്ന ഏർപ്പാടുണ്ട്. അതുപോലെയായിരിക്കുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇവിടെ അതിന്റെ ആവശ്യമൊന്നും വരുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തീണ്ടലിന്റെ പേരിൽ എവിടെയെങ്കിലും റോഡു വളക്കേണ്ട ആവശ്യം വന്നിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: എനിക്കറിവില്ല. ഇതിൽ അതിന്റെ ആവശ്യം വരുകയില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എന്നാൽ നേരെ കൊണ്ടുപോയിക്കൂടെ?

റാവുസാഹിബ് കെ. അയ്യപ്പൻ: കയറുകെട്ടി പിടിച്ചതുപോലെ ആകുകയില്ലെന്നേ വരികയുള്ളൂ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: തീണ്ടലിന്റെ പേരിൽ വളച്ചിട്ടുള്ള റോഡുകളെല്ലാം നേരെയാക്കാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിനെപ്പററി ഇപ്പോൾ ആലോചനയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അവിടെനിന്നു വീടൊഴിച്ചു മാളുകൾക്കു വല്ല സൌകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: വീടൊഴിഞ്ഞു പോകുന്നവർക്കെല്ലാം കഴിയുന്നതും വേഗത്തിൽ വീടുവെക്കുവാൻ സ്ഥലം കൊടുക്കുന്നതിനു ശ്രമിക്കുന്നുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അവിടെനിന്നു വീടൊഴിപ്പിക്കുന്നതിനുമുമ്പ് അവർക്ക് വീടുവെക്കുന്നതിനു സ്ഥലം കൊടുക്കുവാൻ ഏർപ്പാടു ചെയ്യാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: കഴിയുന്നതും വേഗം അവർക്ക് സ്ഥലം കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഈ റോഡു പണിക്കു സ്ഥലമെടുക്കുന്നതിനു ഗവണ്മെണ്ടു ഉപയോഗിച്ചു അടിയന്തിരാധികാരം അവിടെനിന്നു വീടൊഴിയുന്നവർക്കു കിടപ്പിടമുണ്ടാക്കി കൊടുക്കുവാനും കൂടി വിനിയോഗിക്കുവാൻ ദയവുണ്ടാകുമോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അവർക്കു കിടപ്പിടത്തിനു സ്ഥലം കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കുറെ ആളുകളെക്കൂടി അവിടെനിന്നു ഒഴിവാക്കാനുണ്ടല്ലൊ. അവരെ ഒഴിവാക്കുന്നതിനു മുമ്പു് അവർക്കു സ്ഥലം കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ചെയ്യും.

മിസ്റ്റർ പി. കെ. ഡീവർ: അതു ശീഘ്രഗതിയിൽ ചെയ്യാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: വളരെ ശീഘ്രഗതിയിൽതന്നെ ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആർക്കും ദോഷമുണ്ടാകാതെ ചെയ്യുവാൻ വിരോധമുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ആരേയും ഉപദ്രവിക്കണമെന്നു കൊച്ചി ഗവണ്മെണ്ടിനുദ്ദേശമില്ല.

APPOINTMENT OF SUCCESSOR TO SIR GEORGE BOAG—TERMS AND CONDITIONS REGARDING

192. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ —

(എ) സർ ജോർജ്ജ് ബോഗ് റിട്ടയർ ചെയ്യുമ്പോൾ പകരം ദിവാൻജിയായി ആരെയെങ്കിലും നിയമിച്ചു കഴിഞ്ഞതോ; നിയമിച്ചിട്ടുണ്ടെങ്കിൽ ആരെയാണു്;

(ബി) അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി എത്രയാണു്; ശമ്പളവും മറ്റു നിയമനവ്യവസ്ഥകളും എന്തൊക്കെയാണു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ:

(എ) ഉവ്വു്, ദിവാൻ ബഹദൂർ സി. പി. കരുണാകരമേനോൻ അവർകളെ.

(ബി) കാലാവധി നിർണ്ണയിച്ചിട്ടില്ല. ആദായനികുതി ഒഴിവായി പ്രതിമാസം രണ്ടായിരം ഉറുപ്പിക ശമ്പളവും സൌജന്യമായ ഒരു വീടും ഒരു കാറും വൈദ്യസഹായവും അനുവദിക്കുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊച്ചി രാജ്യത്തു ദിവാൻജിമാരെ നിയമിക്കുമ്പോൾ സാധാരണയായി നിയമന കാലാവധിയും നിശ്ചയിക്കാറില്ലെ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഉവ്വു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതിൽ കാലാവധി നിശ്ചയിക്കാതിരിപ്പാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: പ്രത്യേക കാരണമൊന്നുമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഉത്തരവാദിത്വഭരണം ഉടനടി ഇവിടെ സ്ഥാപിതമാകുന്ന ഘട്ടത്തിൽ തന്നെ ഉടനടി അദ്ദേഹത്തെ വേണ്ടന്നു വെക്കുവാനല്ലെ കാലാവധി വെക്കാതിരുന്നതു്? (ചിരി)

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഇതൊക്കെ അപ്പപ്പോൾ തോന്നിയതുപോലെ പ്രവർത്തിക്കേണ്ട സംഗതിയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അപ്പപ്പോൾ തോന്നിയതുപോലെ പ്രവർത്തിക്കുകയാണൊ ഗവണ്മെണ്ടു ചെയ്യുന്നതു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അപ്പപ്പോൾ തോന്നിയതുപോലെ അങ്ങിനെയൊന്നു ചെയ്യുവാൻ നിങ്ങൾ സമ്മതിക്കുകയുമില്ലല്ലോ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ദിവാൻജി എന്നുള്ള സ്ഥാനം അനിശ്ചിത കാലത്തേക്കു നീട്ടിക്കൊണ്ടു പോകണമെന്നുള്ളതാണൊ ഗവണ്മെണ്ടിന്റെ നില?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അതൊന്നും നോക്കീട്ടില്ല. ഒരു ദിവാൻജി ഇവിടെ ആവശ്യമുണ്ടു്. മുമ്പും ദിവാൻജിമാരുണ്ടു്. ഇവിടെ ഇപ്പോഴും ഉണ്ടു്. ആ നിലയിൽ നോക്കി വെച്ചിട്ടുണ്ടെന്നേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly